## യൂണിറ്റ് - 10

# പണവും ധനകാര്യ സ്ഥാപനങ്ങളും

1. പ്രാദേശിക പണമിടപാടു നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരവധി പരിമിതികൾ ഉണ്ട്? ഈ പരിമിതികൾ മറികടക്കുന്നതിന് രൂപം കൊണ്ടതാണ് ബാങ്കുകൾ - സമർത്ഥിക്കുക.

**സ്കോർ : 4**

---

2. ഉല്പന്ന കൈമാറ്റ വ്യവസ്ഥയിലെ പരിമിതികൾ എന്തെല്ലാം? പണത്തിന്റെ ആവിർഭാവത്തോടെ ഇത് പരിഹരിക്കപ്പെട്ടതെങ്ങനെ?

**സ്കോർ : 4**

---

3. നിക്ഷേപകരുടെയും വായ്പ സ്വീകരിക്കുന്നവരുടെയും മധ്യവർത്തിയായി ബാങ്കുകൾ പ്രവർത്തിക്കുന്നതെങ്ങനെ?

**സ്കോർ : 2**

---

4. a. സമ്പാദ്യശീലം വർധിപ്പിക്കുന്നു.
   b. ഉയർന്നപലിശ ലഭിക്കുന്നു
   c. അക്കൗണ്ടിലെ പണം എപ്പോൾ വേണമെങ്കിലും പിൻവലിക്കാം.
   d. കാലാവധി പൂർത്തിയായതിനു ശേഷം മാത്രം നിക്ഷേപം പിൻവലിക്കൽ

   വാണിജ്യബാങ്കുകളുടെ വിവിധയിനം നിക്ഷേപങ്ങളുടെ ചില പ്രത്യേകതകളാണ് നൽകിയിരിക്കുന്നത്. ഇവ ഏതേത് നിക്ഷേപങ്ങളുടെ പ്രത്യേകതകളാണെന്ന് കണ്ടെത്തി എഴുതുക.

**സ്കോർ : 4**

---

5. വാണിജ്യ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും ധർമങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സ്കോർ : 3**

---

6. പുത്തൻ തലമുറ ബാങ്കുകൾ എന്താണെന്ന് വ്യക്തമാക്കുക. മറ്റു ബാങ്കുകളിൽ നിന്ന് ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**സ്കോർ : 3**

---

7. ഏതു ബാങ്കിനെയാണ് 'ബാങ്കുകളുടെ ബാങ്ക്' എന്നു വിശേഷിപ്പിക്കുന്നത്? എന്തുകൊണ്ട്?

**സ്കോർ : 3**

---

8. ബംഗ്ലാദേശിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ മുഖച്ഛായമാറ്റിയ ഗ്രാമീൺ ബാങ്കിന് സമാനമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും 2 സംരംഭങ്ങൾ എഴുതുക.

**സ്കോർ : 2**

---

9. എന്താണ് 'മൈക്രോഫിനാൻസ്'?

**സ്കോർ : 1**

---

10. ബാങ്ക് നല്കുന്ന സേവനങ്ങളും ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകളും ബാങ്കുകളെ കൂടുതൽ ജനകീയമാക്കുന്നു. ഈ പ്രസ്താവന സാധൂകരിക്കുക.

**സ്കോർ : 4**

11. ഗ്രാമീണ മേഖലയുടെ വികസനത്തിൽ സഹകരണ ബാങ്കുകളുടെ സേവനം ഏറെ പ്രാധാന്യമുള്ളതാണ്. ലക്ഷ്യങ്ങൾ, പ്രവർത്തന മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക?

**സ്കോർ : 4**

12. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ ബാങ്കുകളെപ്പോലെ രാഷ്ട്രവികസനത്തിന് മുഖ്യപങ്കാണ് വഹിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ രണ്ട് സേവനങ്ങൾ എഴുതുക.

**സ്കോർ : 2**

13. ബാങ്കിന്റെ എല്ലാ സേവനങ്ങളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽ ലഭിക്കുന്നില്ല. രണ്ടുദാഹരണമെഴുതുക.

**സ്കോർ : 2**

14. 1969 ജൂലൈ 19 ബാങ്കിംഗ് വികസനരംഗത്തെ പ്രവർത്തനങ്ങൾക്ക് വഴിത്തിരിവായി ദിവസമാണ്. എന്താണ് ഈ ദിവസത്തിന്റെ പ്രത്യേകത? ഇതിലേയ്ക്കു നയിച്ച സാഹചര്യങ്ങളിൽ രണ്ടെണ്ണം വ്യക്തമാക്കുക.

**സ്കോർ : 3**

15. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ അതിനെ ഇന്ത്യയുടെ പരമോന്നത ബാങ്ക് എന്ന പദവിയ്ക്ക് അർഹമാക്കി. റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക.

**സ്കോർ : 2**

16. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ബാങ്കുകളുടെ വളർച്ച ത്വരിതഗതിയിലാകാൻ പ്രചോദനമായ കാരണങ്ങളിൽ ഏതെല്ലാം? നാലെണ്ണമെഴുതുക.

**സ്കോർ : 4**

17. സാധാരണക്കാർക്കും ചെറുകിടനിക്ഷേപകർക്കും ഓഹരിക്കമ്പോളത്തിൽ പണം നിക്ഷേപിക്കുന്നതിന് പരിമിതികൾ ഉണ്ട്. പരിമിതികൾ എന്തൊക്കെയാണ്? ഇവ എങ്ങനെ മറികടക്കാം?

**സ്കോർ : 3**

18. നമുക്കു ചുറ്റും കാണുന്ന വിവിധതരം ധനകാര്യസ്ഥാപനങ്ങളുടെ ലിസ്റ്റ് നല്കുന്നു. അവയെ നൽകിയിട്ടുള്ള തലക്കെട്ടുകൾക്ക് കീഴിൽ പട്ടികപ്പെടുത്തുക. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറബാങ്ക്, മണപ്പുറം ഫിനാൻസ്, ജില്ലാ സഹകരണബാങ്ക്, പോപ്പുലർ ഫിനാൻസ്, സഹകരണ അർബൺ ബാങ്ക്, യുക്കോബാങ്ക്

| വാണിജ്യ ബാങ്കുകൾ | | സഹകരണ ബാങ്കുകൾ | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ |
|---|---|---|---|
| പൊതുമേഖല | സ്വകാര്യമേഖല | | |
| | | | |

**സ്കോർ : 4**

19. ഒരാളുടെ അക്കൗണ്ടിലുള്ളതിലും കൂടുതൽ പണം പിൻവലിക്കാൻ ബാങ്കുകൾ ചില ഇടപാടുകാർക്കു സൗകര്യം നല്കുന്നുണ്ട്. ഏത് ഇടപാടുകാർക്ക്? ഈ സൗകര്യം അറിയപ്പെടുന്നതെങ്ങനെ? ഇതിനു വേണ്ട ഉപാധികൾ എന്ത്?

**സ്കോർ : 4**

---

20. വാണിജ്യബാങ്കുകളുടെ ദേശസാൽക്കരണത്തിന് ഗവൺമെന്റിനെ പ്രേരിപ്പിച്ച രണ്ടു സാഹചര്യങ്ങളെഴുതുക. ദേശസാൽക്കൃത ബാങ്കുകൾക്കു രണ്ട് ഉദാഹരണമെഴുതുക.

**സ്കോർ : 3**

---

21. ഇലക്ട്രോണിക് ബാങ്കിംഗിന്റെ സവിശേഷതകളിൽ രണ്ടെണ്ണം എഴുതുക.

**സ്കോർ : 2**

---

22. നിങ്ങളുടെ ബാങ്ക് അക്കൗണ്ട് കാസർഗോഡ് ജില്ലയിലാണെങ്കിൽ നിങ്ങളുടെ അക്കൗണ്ടിലേയ്ക്കു തിരുവനന്തപുരത്തു നിന്ന് ഒരാൾക്ക് പണം നേരിട്ടടയ്ക്കുവാൻ സാധിക്കുന്ന ബാങ്കിംഗ് സംവിധാനമേത്?

**സ്കോർ : 1**

---

23. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും നിമിഷങ്ങൾക്കുള്ളിൽ പണം കൈമാറ്റം ചെയ്യുന്നതിനുള്ള ബാങ്കിംഗ് സംവിധാനമേത്?

**സ്കോർ : 1**

---

24. കോർ ബാങ്കിംഗ് സംവിധാനത്തിന്റെ രണ്ടു ഗുണങ്ങൾ എഴുതുക.

**സ്കോർ : 1**

---